**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 441** **05-10-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ട്രാഫിക്ക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആസ്തി വികസന പദ്ധതി പ്രകാരമുള്ള 2019-2020ലെ ടെൻഡർ സേവിംഗ്സ് തുക വിനിയോഗിച്ച് മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ട്രാഫിക്ക് സിഗ്നൽ ലൈറ്റും മിനിമാസ്സ് ലൈറ്റും സ്ഥാപിക്കുവാൻ അനുമതി ലഭിക്കുന്നതിനായി അപേക്ഷ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട് |
| (ബി) | എങ്കിൽ e-5318433/NCB2/fin., e-5322411/NCB2/fin. എന്നീ ഫയലുകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | e-5322411/NCB2/fin - മാവേലിക്കര മണ്ഡലത്തിലെ 2019-20 സാമ്പത്തിക വർഷത്തിലെ ടെണ്ടർ സേവിങ്സിൽ നിന്നും പന്ത്രണ്ട് ലക്ഷം രൂപ വിനിയോഗിച്ച് SIDCO യെ ചുമതലപ്പെടുത്തി മണ്ഡലത്തിലെ 7 ഇടങ്ങളിൽ ലോ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ഉള്ള പ്രത്യേക അനുമതി അപേക്ഷ സംബന്ധിച്ച ഫയൽ ആണിത്. 04/07/2019 ലെ സ.ഉ(അച്ചടി)77/2019/ധന ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ വർക്കുകൾക്ക് SIDCO യ്ക്ക് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് PMC യോ Non PMC യോ ആകുന്നതിന് കഴിയുകയില്ല. ആയതിനാൽ ടി ആവശ്യം നിരസിച്ചു കൊണ്ട് 18.09.2021 തീയതിയിലെ നം.1826432/NC-B2/43/2021-FIN കത്ത് പ്രകാരം ബഹു.എം.എൽ.എ യ്ക്ക് മറുപടി നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) e-5318433/NCB2/fin - മാവേലിക്കര മണ്ഡലത്തിലെ 2019-20 സാമ്പത്തിക വർഷത്തിലെ ടെണ്ടർ സേവിങ്സിൽ നിന്നും പതിനാല് ലക്ഷം രൂപ വിനിയോഗിച്ച് മാവേലിക്കര ബുദ്ധ ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സംവിധാനം സ്ഥാപിക്കുന്നതിന് ഉള്ള പ്രത്യേക അനുമതി അപേക്ഷ സംബന്ധിച്ച ഫയൽ ആണിത്. ആസ്തി വികസന പദ്ധതി മാർഗരേഖകൾ പ്രതിപാദിക്കുന്ന 04.08.2018 ലെ സ.ഉ.(അച്ചടി)നം.119/2018/ധന ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നത് അനുവദനീയമല്ല. |

| | | | |
|---|---|---|---|
| | | | ആയതിനാൽ ടി ആവശ്യം നിരസിച്ച് കൊണ്ട് 01.10.2021 തീയതിയിലെ 1826398/ എൻ.സി.ബി2/42/2021-ധന കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്.(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |

സെക്ഷൻ ഓഫീസർ

'ഭരണ ഭാഷ മാതൃഭാഷ'

GOVERNMENT OF KERALA

നമ്പർ.1826432/എൻ.സി-ബി2/43/2021-ധന

ധനകാര്യ (നോഡൽ സെന്റർ -ബി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 18/09/2021.

**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി**

**ശ്രീ.എം.എസ്.അരുൺ കുമാർ**
**ബഹു.എം.എൽ.എ(മാവേലിക്കര),**
**മണ്ണഞ്ഞുംപാട്ടു വീട്**
**കല്ലിമേൽ പി.ഒ**
**മാവേലിക്കര-690 509**

സർ,

വിഷയം : മാവേലിക്കര നിയോജകമണ്ഡലം - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - ടെണ്ടർ സേവിങ്സിൽ നിന്നും പന്ത്രണ്ട് ലക്ഷം രൂപ വിനിയോഗിച്ച് SIDCO യെ ചുമതലപ്പെടുത്തി മണ്ഡലത്തിലെ 7 ഇടങ്ങളിൽ ലോ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി - സംബന്ധിച്ച്

സൂചന:- 1. സ.ഉ.(അച്ചടി) നം.77/2019/ധന, തീയതി: 04/07/2019
2. സ.ഉ.(അച്ചടി) നം.67/2021/ധന, തീയതി: 28/04/2021
3. 28.07.2021 തീയതിയിൽ അങ്ങ് ബഹു.ധനകാര്യ മന്ത്രിക്ക് സമർപ്പിച്ച കത്ത്.

സൂചനകളിലേക്ക് അങ്ങയുടെ മഹനീയ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. സൂചന (1),(2) ഉത്തരവുകൾ പ്രകാരം ഹൈമാസ്റ്റ്/ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് SIDCO യ്ക്ക് അനുമതി നൽകിയിട്ടില്ലാത്തതും Accredited Agency യെ സെലക്ട് ചെയ്യുന്നതിന് competitive bidding process അവലംബിക്കേണ്ടതുമാണ്. ആയതിനാൽ മാവേലിക്കര മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ ടെണ്ടർ സേവിങ്സ് തുകയിൽ നിന്നും പന്ത്രണ്ട് ലക്ഷം രൂപ വിനിയോഗിച്ച് SIDCO യെ ചുമതലപെടുത്തി മണ്ഡലത്തിലെ 7 സ്ഥലങ്ങളിൽ ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്ന അങ്ങയുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്.

വിശ്വസ്തതയോടെ,

**എസ്.നരേന്ദ്രൻ പിള്ള**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് വേണ്ടി**

GPT. 4/2098/2019/1,00,000/S-18.

GOVERNMENT OF KERALA

നമ്പർ.1826398/എൻ.സി.ബി2/42/2021-ധന

ധനകാര്യ (നോഡൽ സെൻ്റർ-ബി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 01/10/2021.

**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി**

**ശ്രീ.എം.എസ്.അരുൺ കുമാർ**
**ബഹു.എം.എൽ.എ (മാവേലിക്കര)**
**മണ്ണൂർപാട്ട വീട്**
**കല്ലിമേൽ പി.ഒ**
**മാവേലിക്കര - 690 509**

സർ,

**വിഷയം:-** മാവേലിക്കര നിയോജകമണ്ഡലം - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2019-20 ലെ ടെണ്ടർ സേവിങ്സിൽ നിന്നും പതിനാല് ലക്ഷം രൂപ വിനിയോഗിച്ച് മാവേലിക്കര ബുദ്ധ ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സംവിധാനം സ്ഥാപിക്കുന്നതിന് അനുമതി - സംബന്ധിച്ച്

**സൂചന:-** 1. 04.08.2018 ലെ സ.ഉ.(അച്ചടി)നം.119/2018/ധന ഉത്തരവ്
2. 27.07.2021 തീയതിയിൽ അങ്ങ് ബഹു.ധനകാര്യ മന്ത്രിക്ക് സമർപ്പിച്ച കത്ത്

സൂചനകളിലേക്ക് അങ്ങയുടെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു. മൂലധനസ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ നിർമ്മാണവും അടിസ്ഥാന സൗകര്യ വികസനവുമാണ് ആസ്തി വികസന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സൂചന (1) പ്രകാരമുള്ള ആസ്തി വികസന നിധിയുടെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ട്രാഫിക് സിഗനൽ ലൈറ്റ് സ്ഥാപിക്കുന്നത് അനുവദനീയമല്ല. ആയതിനാൽ മാവേലിക്കര നിയോജകമണ്ഡലത്തിലെ 2019-20 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന പദ്ധതിയുടെ ടെൻഡർ സേവിങ്സിൽ നിന്നും 14 ലക്ഷം രൂപ വിനിയോഗിച്ച് മാവേലിക്കര ബുദ്ധ ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സംവിധാനം സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്ന അങ്ങയുടെ ആവശ്യം അനുഭാവപൂർവം പരിഗണിക്കാൻ നിർവാഹമില്ലെന്ന് അറിയിച്ചുകൊള്ളുന്നു.

ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്.

വിശ്വസ്തതയോടെ,

**കെ.എസ്.ഉഷ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കു വേണ്ടി**

GCPT. 4/2098/2019/1,00,000/S-18.